ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ) :

(എ) ഇനിയും 1430 തുറിക്കച്ചടക്കാർക്ക് സെക്യൂരിറ്റി സംഖ്യ മടക്കിക്കൊടുക്കുവാനുണ്ട്.

(ബി) മുകുന്ദപുരം, കൊടുങ്ങല്ലൂർ എന്നീ താലൂക്കുകളിൽ 57 പേർക്ക് സെക്യൂരിറ്റി മടക്കിക്കൊടുപ്പാനുണ്ട്.

ഹൗസിംഗ് സ്കീം.

*171. [42] ശ്രീ. കെ. എ. ശിവരാമഭാരതി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1955-56 സാമ്പത്തികവർഷത്തിൽ ഹൗസിംഗ് സ്കീമനുസരിച്ച് സംസ്ഥാനത്തു് എത്ര വീടുകൾ പണിയിച്ചുകൊടുത്തിട്ടുണ്ട്;

(ബി) അതിൽ ചിറയ്ക്കീൽ താലൂക്കിൽ മാത്രം എത്ര?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ) :

(എ) 213.

(ബി) ഇതുവരെ ഒന്നും പണിയിച്ചിട്ടില്ല.

താലൂക്ക് പുനർവിഭജന കമ്മിറ്റി

*172. [44] ശ്രീ. പി. നാരായണൻ പോറ്റി : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരകുപ്പുമന്ത്രി സദയം മറുപടി പറയുമോ?

(എ) താലൂക്കു പുനർവിഭജനത്തിനായി നിയുക്തമായിരുന്ന കമ്മിറ്റിയുടെ റിപ്പോർട്ട് ഗവണ്മെൻറിലേക്ക് ലഭിച്ചുകഴിഞ്ഞതോ?

(ബി) എങ്കിൽ അതിന്റെ പൊതുവായ സ്വഭാവശകലം എന്തൊക്കെയാണ്?

(സി) എന്നത്തേക്ക് ഈ റിപ്പോർട്ടനുസരിച്ചുള്ള സ്വഭാവശകലം നടപ്പിൽ വരുത്താനുദ്ദേശിക്കുന്നു?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ) :

(എ) റിപ്പോർട്ട് ഗവണ്മെൻറിനു് ലഭിച്ചിട്ടുണ്ട്.

(ബി) റിപ്പോർട്ട് ഗവണ്മെൻറിന്റെ പരിഗണനയിൽ ഇരിക്കുന്നതിനാൽ അതിലെ വിവരങ്ങൾ ഇപ്പോൾ വെളിപ്പെടുത്തുവാൻ നിവൃത്തിയില്ല.

(സി) ഇപ്പോൾ പറയുവാൻ നിവൃത്തിയില്ല.

പഞ്ചായത്തുകരം

*173. [45] ശ്രീ. സി. എസ്. കൃഷ്ണശാസ്ത്രി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) പഞ്ചായത്തു ചുമത്തുന്ന വീട്ടുകരത്തെ സംബന്ധിച്ച് വല്ല ആക്ഷേപങ്ങളോ, പരാതികളോ ഗവണ്മെൻറിനു ലഭിച്ചിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

(ബി) സ്വന്തം വീട്, ഭൂമിയുമില്ലാത്ത പിന്നാക്ക സമുദായത്തിൽനിന്നും വീട്ടുകരം ഈടാക്കുന്നതായി ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) പഞ്ചായത്ത് ചുമത്തുന്ന വീട്ടുകരത്തെ സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുണ്ട്.

(ബി) സ്വന്തം വീട്, ഭൂമിയുമില്ലാത്ത പിന്നാക്ക സമുദായത്തിൽനിന്നും വീട്ടുകരം ഈടാക്കുന്നതായി ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ബി-യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ഈ ചോദ്യം ഉദിക്കുന്നില്ല.

നിശാപാഠശാലകൾ

* 174. [46] ശ്രീ. കെ. ഗുണ്ട കൃഷ്ണശാസ്ത്രി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ:

(എ) പിന്നോക്കസമുദായ ഡിപ്പാർട്ട്മെന്റിൽനിന്നും 1954 വരെ എത്ര നിശാപാഠശാലകൾ സ്ഥാപിച്ചിട്ടുണ്ട്;

(ബി) 1955-ൽ എത്ര നിശാപാഠശാലകൾ സ്ഥാപിച്ചിട്ടുണ്ട്?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) പിന്നോക്കസമുദായ ഡിപ്പാർട്ടുമെന്റിൽനിന്നും 1954 വരെ 89 നിശാപാഠശാലകൾ സ്ഥാപിച്ചിട്ടുണ്ട്.

(ബി) 1955-ൽ പുതിയ നിശാപാഠശാലകൾ സ്ഥാപിച്ചിട്ടില്ല.

STARRED QUESTIONS POSTED FOR ANSWER ON 29-2-1956

മസൂരി രോഗബാധ

* 175. [15] ശ്രീ. ആർ. പ്രകാശം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ:

(എ) 1954-55-ലും 1955-56-ൽ ഫെബ്രുവരി 10-ാം തീയതിവരെയും സംസ്ഥാനത്ത് മസൂരിരോഗംമൂലം എത്ര മരണങ്ങൾ റിപ്പോർട്ടു ചെയ്യിട്ടുണ്ട്;

(ബി) ഈ നടപ്പുവർഷത്തിൽ വളരെ ഗുരുതരമായ സ്വഭാവമുള്ള മസൂരി രോഗങ്ങൾ ഉണ്ടായിട്ടുണ്ടോ;

(സി) ഈ നടപ്പുവർഷത്തിലും 1954-55-ലും ഇതുമൂലം മരണപ്പെട്ടവരുടെ സംഖ്യ എത്ര;

LIBRARY ARCHIVES Kerala Legislative Assembly